2019
നവംബർ 30
ശനി KNR




**ആഹ്ലാദത്തിരയിൽ:** സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹയർ സെക്കൻഡറി വിഭാഗം അറബനമുട്ടിൽ എ ഗ്രേഡ് നേടിയ ജിഎച്ച്എസ്എസ് ഉദിനൂർ സംഘം കാസർകോട് തൈക്കടപ്പുറത്ത്.
ചിത്രം: അരവിന്ദ് ബാല ● മനോരമ

# ഇതു നിങ്ങളാണോ ?
## വരൂ... സമ്മാനം തരാം

ഈ കാണികൾക്കിടയിൽ മുഖം വൃത്തത്തിൽ അടയാളപ്പെടുത്തിയവരിൽ നിങ്ങളുണ്ടോ ? ഉണ്ടെങ്കിൽ ഈ പത്രത്തിന്റെ കോപ്പിയുമായി ഐങ്ങോത്തെ മൈതാനത്തിന് എതിരെയുള്ള മലയാള മനോരമയുടെ സ്റ്റാളിൽ രാവിലെ 11നും നാലുമണിക്കുമിടയിലെത്തി സമ്മാനം കൈപ്പറ്റാം



### ഇന്നലത്തെ വിജയി

**കെ.ചിണ്ടൻ**
സേതു നിവാസ്, അലായിപ്പള്ളി, കാഞ്ഞങ്ങാട്

# BLUE BLOOMS

മനോരമ– ഇമ്മാനുവൽ സിൽക്സ് കളർ റിയാലിറ്റി ഷോയിൽ ഇന്നലെ നീല വസ്ത്രമണിഞ്ഞെത്തിയവർ












# നീലയണിഞ്ഞ്
## സമ്മാനം നേടിയവർ

**മഞ്ജു പി. സ്കറിയ**
എംജിഎം യുപി സ്കൂൾ, കൊറ്റമല

**വിഷ്ണുനാരായണൻ**
കെ.എസ്.ഹരികൃഷ്ണൻ, വിഷ്ണുനന്ദ ഹൗസ്, നെല്ലിക്കാട്ടിൽ

**എം.വിജയകുമാർ**
ധ്യാൻ കൃഷ്ണൻ, കോർണർ സ്റ്റോർ, മാങ്ങാട്

**എം.എസ്.ആർദ്ര**
ഇകെഎൻഎം ഗവ.കോളജ്, എളേരിത്തട്ട്

**കെ.ശാലിനി**
സ്വാതി ഹൗസ്, മാവുങ്കൽ

**രാധ സി.**
**കോടോത്ത്,**
ചങ്ങിലിക്കര ഹൗസ്

**ബി.പി.വീണ**
പാലക്കലിൽ വീട്, കണ്ണൂർ

**പി.വി.വിസ്മയ**
പുണർതം ഹൗസ്, കാഞ്ഞങ്ങാട്

**പി.കെ.മീനാക്ഷി**
മനക്കത്ത് ഹൗസ്, കരിവെള്ളൂർ

**ഇ.വി.ഗീത**
സെന്റ് ആൻസ് എയുപിഎസ്, നീലേശ്വരം

## ആൽബം


ഇവർ കൊച്ചു താരങ്ങൾ: ആര്യ, ധന്യ, ജോമ.

# അന്നത്തെ നടികർ സംഗമം !

**ജോമോൾ**

1997ൽ എറണാകുളത്ത് നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിലാണ് ഈ ചിത്രത്തിന്റെ പിറവി. അന്നു കോഴിക്കോട് പ്രസന്റേഷൻ ഹൈസ്കൂളിൽ പത്താം ക്ലാസ് വിദ്യാർഥിനിയാണ് ഞാൻ. മാർഗംകളിയും ഗ്രൂപ്പ് ഡാൻസുമായിരുന്നു എന്റെ ഇനങ്ങൾ. ഒട്ടും ടെൻഷനില്ലാതെയാണ് അന്നു മത്സരത്തിൽ പങ്കെടുക്കാനെത്തിയത്. പഠനത്തിന്റെയും അഭിനയത്തിന്റെയും തിരക്കുകൾ മാറ്റിവച്ചു കൂട്ടുകാർക്കൊപ്പം കുറച്ചു ദിവസം അടിച്ചു പൊളിക്കാൻ സമയം ലഭിച്ചതിന്റെ സന്തോഷമാണ് ആ നിറഞ്ഞ ചിരി. ചിത്രത്തിൽ എന്റെ കൂടെ നിൽക്കുന്നത് തിരുവനന്തപുരത്തുനിന്നുള്ള എ. ആർ. ആര്യയും എറണാകുളം സ്വദേശി ധന്യ കിരണുമാണ്.

മൂന്നു ജില്ലകളിൽ നിന്നുള്ളവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ പങ്കിടുന്ന ചിത്രമാണിതെന്നു തോന്നാമെങ്കിലും ഇവിടെയാണ് കഥയിലെ ട്വിസ്റ്റ്. ഈ ചിത്രത്തിനായി ഞങ്ങളെ ഒന്നിപ്പിച്ചത് സിനിമയുമായിട്ടുള്ള ഞങ്ങളുടെ കൂട്ട് തന്നെ. ദേവരാഗം, ഭൂതക്കണ്ണാടി അടക്കമുള്ള ചിത്രങ്ങളിൽ അഭിനയിച്ചിട്ടുള്ള നടിയാണ് ധന്യ. ആര്യ എനിക്കൊപ്പം ഒരു വടക്കൻ വീരഗാഥയിൽ അഭിനയിച്ചിട്ടുണ്ട്. നല്ലൊരു നർത്തകി കൂടിയാണ് ആര്യ. വിവിധയിടങ്ങളിലായിരുന്ന ഞങ്ങളെ കണ്ടെത്തി ഒന്നിച്ചു നിർത്തിയെടുത്തതാണ് ഈ ചിത്രം .

മനോരമ ന്യൂസ് ചാനലിൽ ന്യൂസ് ആങ്കറായ ധന്യ ഇപ്പോൾ കാഞ്ഞങ്ങാട്ടുണ്ട്, കലോത്സവം മനോരമ ന്യൂസിനു വേണ്ടി റിപ്പോർട്ട് ചെയ്യാൻ! ആര്യ ഡോക്ടർ. അന്നു ചിത്രമെടുത്തു പിരിഞ്ഞെങ്കിലും ഈ ചിത്രം വീണ്ടും ഞങ്ങളുടെ സൗഹൃദം പുതുക്കുമെന്ന പ്രതീക്ഷയിലാണ് ഞാൻ.

# സമ്മാനം ബാങ്കിലെത്തും!

കാഞ്ഞങ്ങാട് ● സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടുന്നവർക്കുള്ള 1000 രൂപ സമ്മാനത്തുക ബാങ്ക് അക്കൗണ്ടിലൂടെ. ഈ വർഷമാണ് ആദ്യമായി ബാങ്ക് അക്കൗണ്ടിലേക്ക് പ്രൈസ് മണി എത്തുന്നത്.

മത്സരത്തിൽ പങ്കെടുത്ത് എ ഗ്രേഡ് നേടുന്ന മുഴുവൻ പേർക്കും സർട്ടിഫിക്കറ്റും 1000 രൂപ സമ്മാനവുമുണ്ട്. പ്രൈസ് മണിയായി ലഭിക്കുന്ന തുക വിദ്യാർഥികളുടെ കൈവശം കിട്ടുന്നില്ലെന്ന് പരാതി ഒഴിവാക്കുന്നതിനാണ് ബാങ്ക് അക്കൗണ്ടിലൂടെ വിതരണം ചെയ്യുന്നത്.

# ആ രചനകൾ സ്കൂൾ വിക്കിയിൽ

കാഞ്ഞങ്ങാട് ● കലോത്സവത്തിലെ രചനാ സൃഷ്ടികൾ വിധി പ്രഖ്യാപനത്തിന് ശേഷം ചവറ്റു കൊട്ടയിലാവില്ല. ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് ഗവ.വൊക്കേഷനൽ ഹയർസെക്കൻഡറി സ്കൂളിലെ ഒരു പറ്റം വിദ്യാർഥികളും അധ്യാപകരും അവ സ്കൂൾ വിക്കിയിൽ ഡിജിറ്റൽ രേഖയായി സൂക്ഷിക്കും. സ്കൂൾ വിക്കിയിലൂടെ (schoolwiki.in) ആർക്കു വേണമെങ്കിലും വായിക്കുകയോ കോപ്പി എടുക്കുകയോ ചെയ്യാം.കഥ, കവിത, ചിത്രരചന തുടങ്ങി 6 ഭാഷകളിലുള്ള നാൽപതിയഞ്ചോളം രചനകളാണു കംപ്യൂട്ടർ ലൈബ്രറിയിൽ ഇത്തരത്തിൽ സൂക്ഷിക്കുന്നത്. 6 ഭാഷകളിലുള്ള രചനകൾ ഇതിലുണ്ടാകും. ഗ്രേഡ് വ്യത്യാസമില്ലാതെ മത്സരിച്ച വിദ്യാർഥികളുടെ എല്ലാ രചനകളും ശേഖരത്തിൽ ഉണ്ടാകുമെന്നതാണ് പ്രത്യേകത. കഴിഞ്ഞ 3 വർഷത്തെ കലോത്സവ രചനകൾ സ്കൂൾ വിക്കിയിലുണ്ട്. കാഞ്ഞങ്ങാട്ടെ സംസ്ഥാന കലോത്സവത്തിലെ രചനകൾ കാഞ്ഞങ്ങാട് ഗവ.വൊക്കേഷനൽ ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ ബി.ആര്യ, സി.ബി.അഭിൻ, കെ.ഭുവനേശ്, പി.വി. അമൃത, എ.സംഗീത്, സന്തു വർഗീസ്, അഖിലവ്, അഭയ് സത്യൻ എന്നിവരാണ് ഡിജിറ്റൈസേഷൻ നടത്തുന്നത്.


ഹയർ സെക്കൻഡറി കഥകളി ഗ്രൂപ്പിൽ എ ഗ്രേഡ് നേടിയ കടമ്പൂർ എച്ച്എസ്എസ് ടീം.

പ്രശ്നോത്തരി
മലയാള മനോരമ
Emmanuval SILKS
KANHANGAD KANNUR THRISSUR

### ഇന്നത്തെ ചോദ്യം

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സ്വർണക്കപ്പ് ഏർപ്പെടുത്താൻ അഭിപ്രായപ്പെട്ട കവി ?

a) പി.കുഞ്ഞിരാമൻ നായർ
b) ജി.ശങ്കരക്കുറുപ്പ്
c) പാലാ നാരായണൻ നായർ
d) വൈലോപ്പിള്ളി ശ്രീധരമേനോൻ

ഉത്തരങ്ങൾ കാഞ്ഞങ്ങാട് ഐങ്ങോത്തെ കലോത്സവം പ്രധാന വേദിക്കു മുൻവശത്തുള്ള മലയാള മനോരമയുടെ പവലിയനിലെ കൂപ്പൺ ബോക്സിൽ നിക്ഷേപിക്കാം.
ശരിയുത്തരം അയയ്ക്കുന്നവരിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്ന 2 പേർക്ക് ഇമ്മാനുവൽ സിൽക്സ് നൽകുന്ന ഗിഫ്റ്റ് വൗച്ചർ സമ്മാനം. ഉത്തരങ്ങൾ വൈകിട്ട് 5നു മുൻപ് ലഭിക്കണം.

### ഇന്നലത്തെ വിജയികൾ

**കെ.എസ്.കേശവൻ നമ്പൂതിരി**
ഋഷികേശം, ഏഴിലോട്

**കീർത്തി നാരായണൻ**
കീഴ്മാല, കൊല്ലമ്പാറ

**ഇ.ഹരിത**
**പടന്ന,** കാന്തിലോട്ട്

**ആദിത് മോഹൻ,** കാഞ്ഞങ്ങാട്

**ആതിര പി. അനിൽ**
പായിക്കുഴിയിൽ, കോടോത്ത്

**എം.വി.വിഷ്ണുപ്രസാദ്**
ബാലൂർ, പറക്കളായി


ഹയർ സെക്കൻഡറി കഥകളി ഗ്രൂപ്പിൽ എ ഗ്രേഡ് നേടിയ കാഞ്ഞങ്ങാട് ദുർഗ എച്ച്എസ്എസ് ടീം.